## 645

*രീതി: യേശു രക്ഷിതാവെൻ സ്വന്ത*

1 എന്നെ വീണ്ട നാഥൻ കർത്തനാകയാൽ
എന്നെ നടത്തിടാൻ ശക്തനാകയാൽ
വന്നു മദ്ധ്യാകാശേ ചേർക്കുമെന്നതാൽ ഹല്ലേലുയ്യാ പാടും ഞാൻ-

2 പാരിലാശവയ്പാൻ യേശുമാത്രമാം
ക്രൂശിലോളം താണ തൻ വൻസ്നേഹത്തിൻ
ആഴം, നീളം, വീതി വർണ്ണിച്ചിടാൻ ഏഴയ്ക്കീശാ! നാവില്ലേ-

3 എന്നിലെന്തു കണ്ടെൻ പ്രാണനാഥനേ
നിൻകരങ്ങൾ ക്രൂശിലാണിയേൽക്കുവാൻ
തുപ്പലേറ്റ മുഖം കണ്ടെൻ കാന്തനെ ചുംബിക്കും ഞാൻ സ്വർഗ്ഗത്തിൽ

4 ലക്ഷങ്ങളിൽ സുന്ദരനെൻ വല്ലഭൻ
വെണ്മയും ചുവപ്പുമാർന്ന നല്ലവൻ നിത്യയുഗം തന്നോടൊത്തു
പാർക്കുവാൻ ഹൃത്തിലാശയേറുന്നേ- **I.D.**